## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3292
## 14/07/2015-ലെ മറുപടിക്ക്

### ട്രഷറി നിക്ഷേപങ്ങൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| (എ) | ഗവൺമെന്റ് ട്രഷറിയിൽ തിരിച്ച് നൽകേണ്ടതായ നിക്ഷേപം മൊത്തം എത്ര കോടി രൂപയുണ്ട്; പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം എത്ര; സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം എത്ര; ക്ഷേമനിധി ബോർഡുകളുടെ നിക്ഷേപം എത്ര; കോർപ്പറേഷനുകളുടെ നിക്ഷേപം എത്ര; ഇതിനെല്ലാം പുറമേയുള്ള മറ്റു നിക്ഷേപങ്ങൾ എത്ര; വിശദാംശം ലഭ്യമാക്കാമോ; | 2015 ജൂലൈ 10-ലെ കണക്കുകൾ പ്രകാരം ഗവൺമെന്റ് ട്രഷറിയിൽ തിരിച്ച് നൽകേണ്ട നിക്ഷേപം (മൊത്തം) 6794.30 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം 2382.17 കോടി രൂപയും, സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം 156.19 കോടി രൂപയും, ക്ഷേമനിധി ബോർഡുകളുടെ നിക്ഷേപം 95.06 കോടി രൂപയും, കോർപ്പറേഷനുകളുടെ നിക്ഷേപം 138.42 കോടി രൂപയും, മറ്റ് നിക്ഷേപങ്ങൾ 4022.46 കോടി രൂപയുമാണ്. |
| (ബി) | നിലവിലുള്ള നിക്ഷേപങ്ങൾക്ക് പ്രതിമാസം എത്ര രൂപയുടെ പലിശ നൽകേണ്ടതായിട്ടുണ്ട്; പലിശയിനത്തിൽ 2015 ജൂൺ 30 ന് നൽകേണ്ടുന്ന മൊത്തം തുക എത്ര; വിശദാംശം ലഭ്യമാക്കാമോ? | നിലവിലുള്ള നിക്ഷേപങ്ങൾക്ക് പ്രതിമാസം നൽകേണ്ടുന്ന പലിശ 40.80 കോടി രൂപയും പലിശയിനത്തിൽ 2015 ജൂൺ 30 ന് നൽകേണ്ടുന്ന മൊത്തം തുക 52.96 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ